**Athmaraksha.org**

ലേഖനം - അനുഭവം, സാക്ഷ്യം

## ദൈവമുണ്ട്! നോബൽ സമ്മാനം നേടിയ ശാസ്ത്രജ്ഞൻമാർ സംസാരിക്കുന്നു



**ആൽബർട്ട് ഐൻസ്റ്റീൻ (ഫിസിക്സിൽ നോബൽ സമ്മാനജേതാവ്)**
ശാസ്ത്രീയ ഗവേഷണങ്ങളിൽ വളരെ ഗൗരവമായി ഏർപ്പെട്ടിരിക്കുന്നവർക്കെല്ലാം ഒരു കാര്യം ബോധ്യമാകും. മനുഷ്യനേക്കാൾ അപാരമാംവിധം ബുദ്ധിശക്തിയിൽ മുന്നിലുള്ള ഒരു ആത്മാവ്, ഒരു ശക്തി ഉണ്ടെന്ന്. അതിന്റെ മുന്നിൽ നാം വിനയാന്വിതരാകും.

**വാർണർ കാൾ ഹെയ്സൻബെർഗ് (ഫിസിക്സിൽ നോബൽ സമ്മാനജേതാവ്)**
പ്രകൃതിശാസ്ത്രത്തിന്റെ സ്ഫടികപാത്രത്തിൽ നിന്ന് ആദ്യം രുചിക്കുമ്പോൾ നിങ്ങൾ ഒരു നിരീശ്വരവാദിയാകും. എന്നാൽ ആ സ്ഫടികപാത്രത്തിന്റെ അടിത്തട്ടിൽ ദൈവം നിങ്ങളെ കാത്തിരി ക്കുന്നു.

**ആർതർ ഹോളി കാംപ്ടൺ (ഫിസിക്സിൽ നോബൽ സമ്മാനജേതാവ്)**
ലോകത്തെക്കുറിച്ച് കൂടുതൽ അറിയുന്തോറും ഇത് ആകസ്മികമായുണ്ടായി എന്ന ധാരണ പതിയെ മാഞ്ഞുമാഞ്ഞുപോകും. അതിനാലാവണം, ഇന്നത്തെ ശാസ്ത്രജ്ഞൻമാരിൽ നിരീശ്വരവാദ ത്തെ പിന്തുണക്കുന്നവർ വളരെ കുറവാണ്.

**ആർതർ ഷോലോ (ഫിസിക്സിൽ നോബൽ സമ്മാനജേതാവ്)**
ജീവിതത്തിലെയും പ്രപഞ്ചത്തിലെയും മഹാത്ഭുതങ്ങളുമായി മുഖാമുഖം നിൽക്കുമ്പോൾ നാം സ്വയം ചോദിക്കേണ്ട ചോദ്യം എന്തുകൊണ്ട് എന്നാണ് എങ്ങനെ എന്നല്ല. അതിനു ലഭിക്കുന്ന ഉത്തരം മതപരമായതാണ്. ഈ പ്രപഞ്ചത്തിലും എന്റെ ജീവിതത്തിലും ഒരു ദൈവം ആവശ്യമാണെന്ന് ഞാൻ അറിയുന്നു.

**റോബർട്ട് ഔമാർ (മാത്തമാറ്റിഷ്യൻ സാമ്പത്തികശാസ്ത്രത്തിൽ നോബൽ സമ്മാനജേതാവ്)**
ശാസ്ത്രവും വിശ്വാസവും ഈ ലോകത്തെ കാണാനുള്ള രണ്ടു വ്യത്യസ്തരീതികളാണ്. രണ്ടും നമ്മുടെ തലയിലുണ്ട്. ലോകത്തെ കാണാൻ നമുക്കോരോരുത്തർക്കും അവരവരുടേതായ രീതിയുണ്ട്. അത് ടിസിയാനോയുടെയോ പിക്കാസോയുടെയോ മാറ്റിസേയുടെയോ പെയിന്റിംഗുകൾ നമ്മുടെ വീട്ടുകളിൽ വയ്ക്കാൻ നമുക്കു സ്വാതന്ത്ര്യമുള്ളതുപോലെയാണ്.

ജനങ്ങളെ വ്യത്യസ്ത രീതിയിൽ ചിത്രീകരിക്കുന്നവയാണവ. അവ പരസ്പരവിരുദ്ധമല്ല. വ്യത്യസ്ഥമാണെന്നും മാത്രം. ഒരു കാര്യം ഓർമ്മിക്കണം. ഈ ലോകത്തെകുറിച്ചുള്ള ശാസ്ത്രീയ വിശദീകരണം മോഡലുകളെ അടിസ്ഥാനമാക്കി യുള്ളതാണ്. ലോകമാകട്ടെ ഒരു മോഡലല്ല.

## കാർലോ റുബ്ബിയ (ഫിസിക്സിൽ നോബൽ സമ്മാനജേതാവ്)

നാം ഈ പ്രപഞ്ചത്തിലെ താരാപഥങ്ങളെല്ലാം എണ്ണുകയോ അതിസൂക്ഷ്മാണുക്കളുടെ അസ്തിത്വത്തെ അനലോഗ് രീതിയിൽ പ്രദർശിപ്പിക്കുകയോ ചെയ്താൽ ദൈവത്തിന്റെ അസ്തിത്വത്തെകുറിച്ച് നമുക്ക് യാതൊരു തെളിവും ലഭിച്ചു എന്നു വരില്ല. എന്നാൽ ഒരു ഗവേഷകനെന്ന നിലയിൽ, ഈ പ്രപഞ്ച ത്തിലും വസ്തുക്കളുടെ ഉള്ളിലും കാണുന്ന മനോഹാരിതയും ക്രമവും എന്നെ അത്ഭുതപ്പെടുത്തുന്നു. ഒരു പ്രപഞ്ച നിരീക്ഷകനെന്ന നിലയിൽ ഇവയെല്ലാം കണ്ട് ഒരു മഹാശക്തിയെകുറിച്ച് ചിന്തിക്കാതിരിക്കാൻ എനിക്കാവുന്നില്ല. ഇതെല്ലാം കേവലം ആകസ്മികമായുണ്ടായതാണെന്ന വാദം എനിക്ക് തീരെ അംഗീകരിക്കാനാവില്ല.

## പീറ്റർ ഗ്രൂൺബർഗ് (ഫിസിക്സിൽ നോബൽ സമ്മാനജേതാവ്)

നാം കാണുന്നതിലും കേൾക്കുന്നതിലും ഉപകരണങ്ങൾ കൊണ്ട് രേഖപ്പെടുത്താവുന്നതിലും അപ്പുറം എന്തോ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. അത് അനേകം വിശദാംശങ്ങൾ നിറഞ്ഞ എന്റെ വ്യക്തിപരമായ അനുഭവങ്ങളിൽ നിന്നും രൂപപ്പെട്ടതാണ്. അതിനാൽ അത് വിശദീകരിക്കുക അസാധ്യമാണ്.